പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4823

22/03/2018 - ൽ മറുപടിക്ക്

## സഹകരണ വിജിലൻസ്-ആഡിറ്റ് വിഭാഗങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ. അനിൽ അക്കര | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും<br>ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | സഹകരണ സംഘങ്ങളുടെ ആഡിറ്റ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ) | 1. കമ്പ്യൂട്ടർവൽകൃത സംഘങ്ങളിൽ പരിശോധന നടത്തുന്നതിന് ആഡിറ്റർമാർക്ക് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>2. ആഡിറ്റർമാർക്ക് ആഡിറ്റ് സംബന്ധിച്ച് തുടർച്ചയായ പരിശീലനം നൽകിവരുന്നു.<br>3. സ്വർണ്ണപണയ പണ്ടങ്ങളുടെ പരിശോധന കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>4. വകുപ്പുതലത്തിൽ ആഡിറ്റർമാരുടെ പ്രവൃത്തി അവലോകനം താലൂക്ക്-ജില്ല-സംസ്ഥാന തലത്തിലും നടത്തുന്നുണ്ട്.<br>5. ആഡിറ്റ് മാന്വൽ പരിഷ്കരണം അന്തിമ ഘട്ടത്തിലാണ്<br>6. പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>7. അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തികനില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ആഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>8. ആഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | സഹകരണ വിജിലൻസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത അന്വേഷണ സംഘം നൽകുന്ന | ബി) | സഹകരണ വിജിലൻസിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി 14/03/2018 ൽ സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ വച്ച് സഹകരണ |

| | | | |
|---|---|---|---|
| | റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ? | | വിജിലൻസ് വിഭാഗത്തിൽപ്പെട്ട ഓഫീസർമാരുടെ യോഗം ചേരുകയും സഹകരണ വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അന്വേഷണ സംഘം സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ